തൃശ്ശൂർ ജില്ലാ കളക്ടറുടെ നടപടിക്രമം
(ഹാജർ:- അർജുൻ പാണ്ഡ്യൻ ഐ.എ.എസ്.)

വിഷയം:RFCTLARR Act 2013- തൃശ്ശൂർ ജില്ല - കുന്നംകുളം താലൂക്ക് – അകതിയൂർ,ചിരമനങ്ങാട്,ചിറനെല്ലൂർ,ഇയ്യാൽ, ഏരനെല്ലൂർ വില്ലേജുകൾ - കേച്ചേരി - അക്കിക്കാവ് ബൈപ്പാസ് റോഡ് നിർമ്മിക്കുന്നതിനായി ഭൂമി ഏറ്റെടുക്കൽ - സാമൂഹ്യ പ്രത്യാഘാത പഠനത്തിന്റെ വിദഗ്ധ സമിതി റിപ്പോർട്ട് സമുചിത ഗവൺമെന്റ് പരിശോധിച്ച് ഉത്തരവാകുന്നു.

പരാമർശം:1. 20.12.2022 ലെ കേരള റോഡ് ഫണ്ട് ബോർഡ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ AEII/KAB/KRFB-PMU/EKM-TSR/21 നമ്പർ കത്തും അർത്ഥനയും.

2.റവന്യൂ (ബി) വകുപ്പിന്റെ 09/05/2023 തിയ്യതിയിലെ G.O(Rt)No.1779/ 2023/RD നമ്പർ ഉത്തരവ്

3.റവന്യൂ (ബി) വകുപ്പിന്റെ 11/12/2024തിയ്യതിയിലെ GO (Rt)No.2980/RD നമ്പർ ഉത്തരവ്

4. ഈ കാര്യാലയത്തിലെ 12/06/2023 തീയതിയിലെ ഇതേ നമ്പർ നടപടിക്രമം.

5. ഈ കാര്യാലയത്തിലെ 29/09/2024 തീയതിയിലെ ഇതേ നമ്പർ നടപടിക്രമം.

6.01/10/2024 തീയതിയിലെ കേരള ഗസറ്റ് അസാധാരണം വാല്യം 13 നമ്പർ 3097 ഫോറം 4(1)വിജ്ഞാപനം

7.25/10/2024 തീയതിയിലെ കേരള ഗസറ്റ് അസാധാരണം വാല്യം 13 നമ്പർ 3396 ഫോറം 4(1) തിരുത്തൽ വിജ്ഞാപനം

8) 23.12.2024 തീയതിയിലെ സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായ ഭാരത മാത സ്കൂൾ ഓഫ് സോഷ്യൽ വർക്ക്, തൃക്കാക്കര, കൊച്ചി ചെയർപേഴ്സൺ സമർപ്പിച്ച അന്തിമ പഠന റിപ്പോർട്ട്.

9. വിദഗ്ധ സമിതി രൂപീകരിച്ചു കൊണ്ടുള്ള ഈ കാര്യാലയത്തിലെ 31/12/2024 ലെ ഇതേ നമ്പർ നടപടിക്രമം.

10.19/02/2025 തീയതിയിലെ വിദഗ്ധ സമിതി റിപ്പോർട്ട്.

ഉത്തരവ് നമ്പർ : DCTSR/141/2023/E1 തീയതി:25-02-2025

കേച്ചേരി - അക്കിക്കാവ് ബൈപ്പാസ് റോഡ് നിർമ്മിക്കുന്നതിനായി കുന്നംകുളം താലൂക്കിലെ അകതിയൂർ,ചിരമനങ്ങാട്,ചിറനെല്ലൂർ,ഇയ്യാൽ, ഏരനെല്ലൂർ വില്ലേജുകളിൽ വിവിധ സർവ്വെ നമ്പറുകളിലായി 0.5473 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് പരാമർശം (1) പ്രകാരം കേരള റോഡ് ഫണ്ട് ബോർഡ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും അർത്ഥനയും പരാമർശം (2),(3) പ്രകാരം റവന്യൂ (ബി) വകുപ്പിന്റെ ഉത്തരവും ലഭ്യമായിട്ടുള്ളതാണ്. സ്പെഷ്യൽ തഹസിൽദാർ എൽ.എ കിഫ്ബി, തൃശൂരിനെ ലാന്റ് അക്വിസിഷൻ ഓഫീസറായി പരാമർശം (4) പ്രകാരം നിയോഗിച്ചിട്ടുള്ളതുമാണ്. 29.06.2016 ലെ സർക്കാർ ഉത്തരവ് (P) നം. 376/2016/RD പ്രകാരം 200 ആർ നു താഴെയുള്ള ഭൂമി ഏറ്റെടുക്കലുകളിൽ ജില്ലാ കളക്ടറെ സമുചിത ഗവണ്മെന്റായി നിയോഗിച്ച് ഉത്തരവായിട്ടുള്ളതാണ്.

RFCTLARR Act 2013ലെ സെക്ഷൻ 4 പ്രകാരം ഏറ്റെടുക്കുന്ന ഭൂമിയെ സംബന്ധിച്ച് സാമൂഹ്യ പ്രത്യാഘാതപഠനം നടത്തുന്നതിനായി SIA യൂണിറ്റായ ഭാരത മാത സ്കൂൾ ഓഫ് സോഷ്യൽ വർക്ക്, തൃക്കാക്കര, കൊച്ചി പരാമർശം (5) പ്രകാരം നിയോഗിച്ചിട്ടുള്ളതും ടി യൂണിറ്റിനെ നിയമിച്ചുകൊണ്ട് RFCT LARR ചട്ടം 11(3) പ്രകാരമുള്ള 4(1) വിജ്ഞാപനം പരാമർശം (6) പ്രകാരം അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്. പദ്ധതി പ്രദേശത്തെ സംബന്ധിച്ച അന്തിമ പഠന റിപ്പോർട്ട് സാമൂഹിക പ്രത്യാഘാതപഠന യൂണിറ്റ് പരാമർശം (8) പ്രകാരം സമർപ്പിച്ചിട്ടുള്ളതും ബന്ധപ്പെട്ട സ്ഥലങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. പ്രസ്തുത റിപ്പോർട്ട് വിലയിരുത്തുന്നതിനായി പരാമർശം (9) പ്രകാരം രൂപീകരിച്ച വിദഗ്ധ സമിതി പരാമർശം (10) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്.

പ്രസ്തുത പദ്ധതി പ്രദേശത്തിന്റെ പുരോഗതിക്കും വികസനത്തിനും അത്യാവശ്യമായി വിദഗ്ധ സമിതി വിലയിരുത്തുന്നു. പ്രസ്തുത പദ്ധതി രണ്ടു പ്രധാന സംസ്ഥാന പാതകളെ തമ്മിൽ ബന്ധിപ്പിക്കുന്നതാണെന്നും പ്രദേശത്തിന്റെ ഗതാഗതസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതാണെന്നും തൃശ്ശൂരിൽ നിന്നും വടക്കൻ ജില്ലകളിലേക്കും സമീപ ജില്ലകളിലേക്കും ആരോഗ്യ സ്ഥാപനകളിലേക്കും വിനോദ സഞ്ചാര കേന്ദ്രകളിലേക്കും യാത്ര, ടി പദ്ധതിമൂലം എളുപ്പമാകുമെന്നും വിദഗ്ധ സമിതി ശുപാർശ ചെയ്യുന്നു. ചരിത്രം,സംസ്കാരം സാമൂഹിക വ്യവസ്ഥിതി എന്നിവ പരിപോഷിപ്പിക്കുന്നതിനു പ്രസ്തുത പദ്ധതി സഹായിക്കുമെന്നും വിദഗ്ധ സമിതി വിലയിരുത്തുന്നു.പ്രസ്തുത പദ്ധതിക്കായി ഭൂമി ഏറ്റെടുക്കപ്പെടുന്ന വ്യക്തികൾക്കും, കുടുംബങ്ങൾക്കും, പദ്ധതി ബാധിതർക്കും നിയമപരവും, ന്യായപരവും അർഹിക്കുന്നതുമായ പരിരക്ഷ നൽകി പുനരധിവസിപ്പിച്ച്, പുനഃസ്ഥാപിച്ച് സമയബന്ധിതമായി പദ്ധതി അവസാനിപ്പിക്കണമെന്നും വിദഗ്ധ സമിതി ശുപാർശ

ചെയ്തിട്ടുള്ളതാണ്. പ്രസ്തുത പദ്ധതി മൂലം ആരും തന്നെ കുടിയൊഴിപ്പിക്കേണ്ടി വരുന്നില്ല എന്നും ആരുടെയും ഉപജീവന മാർഗം നഷ്ടപ്പെടുന്നില്ല എന്നും വിദഗ്ധ സമിതി വിലയിരുത്തുന്നു. ഭൂമി ഏറ്റെടുക്കലിന്റെ സാമൂഹ്യ ആഘാതം അനുഭവപ്പെടുന്നവർ ക്കു RFCT LARR Act 2013 നിഷ്കർഷിക്കുന്ന പ്രകാരമുള്ള നഷ്ടപരിഹാരം മതിയാകുമെന്നും അത് യഥാസമയം നൽകണമെന്നും നിർദ്ദേശിക്കുന്നു.പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനും റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ സമയബന്ധിതമായി നടപ്പിലാക്കണമെന്നും വിദഗ്ധ സമിതി ശുപാർശ ചെയ്തിട്ടുള്ളതാണ്.

പ്രസ്തുത പദ്ധതി ജനങ്ങൾക്ക് ഉപകാരപ്രദമായതിനാലും പദ്ധതിയുടെ നിർമ്മാണത്തിനാവശ്യമായ അടങ്കൽ തുക ഭാവി കേരള സമ്പദ് വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കാത്തതിനാലും പദ്ധതിയ്ക്കായി ബദൽ മാർഗ്ഗങ്ങളില്ലാത്തതിനാലും, പുരോഗമന ത്വരിതമായതിനാലും, കേച്ചേരി - അക്കിക്കാവ് ബൈപ്പാസ് റോഡ് നിർമ്മാണം എത്രയും വേഗം ആരംഭിച്ച് സമയബന്ധിതവും, സുതാര്യവും, ക്രിയാത്മകവുമായി അവസാനിപ്പിക്കണമെന്നും, വിദഗ്ധ സമിതി ശുപാർശ ചെയ്യുന്നു.

സാമൂഹ്യ ആഘാത പഠന റിപ്പോർട്ടും വിദഗ്ധസമിതി റിപ്പോർട്ടും പരിശോധിച്ചതിൽ നിർദ്ദിഷ്ട ഏറ്റെടുക്കലിലേയ്ക്ക് യുക്തവും വിശ്വാസയോഗ്യവുമായ ഒരു പൊതു ആവശ്യമുണ്ടെന്നും അതാണ് നിർണ്ണയിക്കപ്പെട്ട ഭൂമിയുടെ ഏറ്റെടുക്കൽ നടപടി ആവശ്യമാക്കിത്തീർത്തതെന്നും പദ്ധതിയ്ക്കാവശ്യമായ ചുരുങ്ങിയ ഏരിയ മാത്രമേ ഏറ്റെടുക്കുന്നുള്ളൂവെന്നും ആ പ്രദേശത്ത് നേരത്തെ ഏറ്റെടുത്തിട്ടുള്ളതും ഉപയോഗിച്ചിട്ടില്ലാത്തതുമായ ഭൂമി ഇല്ലെന്നും കാണുന്നു.

മേൽ സാഹചര്യത്തിൽ കേച്ചേരി - അക്കിക്കാവ് ബൈപ്പാസ് റോഡ് നിർമ്മിക്കുന്നതിനായി കുന്നംകുളം താലൂക്കിലെ അകതിയൂർ,ചിരമനങ്ങാട്,ചിറനെല്ലൂർ,ഇയ്യാൽ, ഏരനെല്ലൂർ വില്ലേജുകളിൽ വിവിധ സർവ്വെ നമ്പറുകളിലായി 0.5473 ഹെക്ടർ ഭൂമി നിർദ്ദിഷ്ട പദ്ധതിയ്ക്കായി ഏറ്റെടുക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന് RFCT LARR Act 2013 വകുപ്പ് 8 ലെ 1, 2 ഉപവകുപ്പുകൾ പ്രകാരം അനുവാദം നൽകി ഇതിനാൽ ഉത്തരവാകുന്നു.

ഈ ഉത്തരവിന്റെ പകർപ്പ് വകുപ്പ് 8 ലെ 3-ാം ഉപവകുപ്പുപ്രകാരം നിഷ്കർഷിച്ചിട്ടുള്ള സ്ഥലങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതിനും ചട്ടം 17 ലെ ഉപചട്ടം 2 പ്രകാരം ബാധിക്കപ്പെട്ട പ്രദേശത്ത് പ്രചാരത്തിലുള്ള ഒരു മലയാള ദിനപത്രത്തിൽ പ്രസിദ്ധീകരിക്കുന്നതിനുമുള്ള തുടർനടപടികൾക്കായി സ്പെഷ്യൽ തഹസിൽദാർ, എൽ.എ കിഫ്ബി, തൃശൂരിനെ ചുമതലപ്പെടുത്തുന്നു.

Signed by
Arjun Pandian
Date: 25-02-2025 10:39:46

**DISTRICT COLLECTOR**

സ്വീകർത്താവ്ഃ

1. സ്പെഷ്യൽ തഹസിൽദാർ എൽ.എ. കിഫ്ബി, തൃശൂർ. ( ബന്ധപ്പെട്ട സ്ഥലങ്ങളിൽ പ്രസിദ്ധപ്പെടുത്തിയ തിയ്യതി വിവരം റിപ്പോർട്ട് ചെയ്യുന്നതിനും മറ്റ് തുടർ നടപടികൾക്കുമായി )

2. എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള റോഡ് ഫണ്ട് ബോർഡ്എറണാകുളം / തൃശ്ശൂർ യൂണിറ്റ്